തുണ്ട്. എന്നാലേ പിന്നോക്ക വിഭാഗങ്ങൾക്ക് പ്രത്യേകം ഓരോ കാറ്റഗറിയിലും കിട്ടിയതും അറിയേണ്ടതുണ്ട്. ഈ മൂന്നു രീതിയിൽ അതിന്റെ കണക്ക് ശേഖരിക്കേണ്ടതുണ്ട്. എന്നാലേ പിന്നോക്ക വിഭാഗങ്ങൾക്ക് മതിയായ പ്രാതിനിധ്യം കൊടുത്തിട്ടുണ്ടോ എന്ന് കാണാൻ സാധിക്കുകയുള്ളു. വളരെ അടിസ്ഥാനപരമായ രേഖയായി പിൽക്കാലത്ത് ഉപയോഗിക്കണമെന്നുള്ളതുകൊണ്ട് ശാസ്ത്രീയമായി കണക്കെടുത്തുകൊടുക്കണം. കിർത്താഡ്സ് ചില കണക്കുകൾ കൊടുത്തിട്ടുണ്ട്. അതു തെറ്റാണ്. അതിനെ അടിസ്ഥാനപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ ശരിയല്ല. ചില ഉദ്യോഗസ്ഥൻമാർ സർക്കാർ ഓഫീസുകളിൽ പോയി ചില കണക്കുകൾ ശേഖരിക്കുന്നതായി വിവരം കിട്ടിയതിന്റെ അടിസ്ഥാനത്തിലാണ് മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ ഇക്കാര്യം കൊണ്ടുവരുന്നത്. ഇക്കാര്യം ഗൗരവമായി പരിഗണിക്കാനും കണക്കുകൾ കൊടുക്കാനും നടപടിയെടുക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, സർക്കാർ സർവ്വീസിൽ പിന്നോക്ക സമുദായങ്ങളുടെ പ്രാതിനിധ്യം സംബന്ധിച്ച് ജസ്റ്റീസ് കെ.കെ. നരേന്ദ്രൻ കമ്മീഷൻ സംസ്ഥാന സർക്കാർ സർവ്വീസുകളിലെയും കോർപ്പറേഷനുകൾ ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലേയും ക്ലാസ് 1, ക്ലാസ് 2, ക്ലാസ് 3, ക്ലാസ് 4 എന്നീ വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ 15.12.94 ലെയും 31.12.96-ലെയും ജാതി തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കണമെന്നു് ആവശ്യപ്പെട്ടിരുന്നു. പൊതുവായി ജാതി തിരിച്ചുള്ള കണക്കുകൾ ലഭ്യമായാൽ പരിശോധിക്കുന്നതിനു ബുദ്ധിമുട്ടുണ്ടാകുമെന്നതു കണക്കിലെടുത്ത് ജീവനക്കാരുടെ ജാതി തിരിച്ചുള്ള വിശദാംശങ്ങൾ നിർദ്ദിഷ്ട പ്രൊഫോർമയിൽ ശേഖരിച്ച് അയച്ചുതരുന്നതിന് എല്ലാ വകുപ്പ് സെക്രട്ടറിമാരോടും ആവശ്യപ്പെട്ടിരിക്കുകയാണ്. പിന്നോക്ക വിഭാഗങ്ങൾക്ക് സംവരണകാറ്റഗറിയിലും മെറിറ്റ് കാറ്റഗറിയിലും കിട്ടിയ നിയമനങ്ങൾ പ്രത്യേകമായി കണക്കിലെടുത്ത് വിവരം നൽകണമെന്ന് നരേന്ദ്രൻ കമ്മീഷൻ ആവശ്യപ്പെട്ടിട്ടില്ല. ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷൻ ആവശ്യപ്പെട്ട പ്രകാരമുള്ള ലിസ്റ്റ് നിർദ്ദിഷ്ട പ്രൊഫോർമയിൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ശേഖരിച്ച് നൽകുന്നതാണ്.

(4) പിറവം ഓണക്കൂർ പാണ്ഡ്യൻപാറ ഭഗവതിക്ഷേത്രത്തിലുണ്ടായ വെടിക്കെട്ട് അപകടം

ശ്രീ. ടി.എം. ജേക്കബ് : സർ, കഴിഞ്ഞ 19-ാം തീയതി പിറവത്തിനടുത്ത് ഓണക്കൂർ പാണ്ഡ്യൻപാറ ഭഗവതി ക്ഷേത്രത്തിലെ ഉൽസവവുമായി ബന്ധപ്പെട്ട് അവിടെ തയ്യാറാക്കിയിരുന്ന കതിനയ്ക്ക് തീപിടിച്ച് അൻപതു പേർക്ക് പരിക്കേൽക്കുകയുണ്ടായി. ഇതിൽ ഗുരുതരമായി പരിക്കു പറ്റിയ നാലുപേരെ കോട്ടയം മെഡിക്കൽകോളേജ് ആശുപത്രിയിലും മൂന്നുപേരെ മൂവാറ്റുപുഴ താലൂക്കാശുപത്രിയിലും കൊണ്ടുപോയി. മെഡിക്കൽകോളേജിൽ പ്രവേശിപ്പിച്ചിരുന്ന മനയ്ക്കപ്പറമ്പിൻ ചിന്നൻ, കിഴക്കേതിൽ മധു, രഘു ഈ മൂന്നാളുകൾ മരണപ്പെട്ടു. ഇതിൽ രഘു മരിച്ചത് ഇന്നു വെളുപ്പിന് നാലു മണിക്കാണ്. ഇനി പീടികയിൽ മൻമഥൻ എന്നുപറയുന്ന ഒരാൾകൂടിയുണ്ട്. മെഡിക്കൽ കോളേജിൽ അവശേഷിക്കുന്ന അദ്ദേഹത്തിന്റേയും നില ഗുരുതരമാണെന്നാണ് എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞത്. അതുപോലെതന്നെ അനിൽ, മനോജ്, വേണുഗോപാൽ ഇവരെ മൂന്നു പേരെ മൂവാറ്റുപുഴ താലൂക്കാശുപത്രിയിലാണ് കൊണ്ടുപോയത്. കുഞ്ഞിപ്പെണ്ണ്, തങ്കമ്മ ഈ രണ്ടു

LIBRARY ARCHIVES Kerala Legislative Assembly

പേർ പിറവം ആശുപത്രിയിലുണ്ട്. അവിടെ ഓണക്കൂർ ക്ഷേത്രത്തിൽ ഉച്ചപ്പൂജ യോടടുത്തു നടന്ന ഒരു ക്രമീകരണത്തിലാണ് ഈ കതിനകൾക്ക് തീപിടിച്ചത്. അതിന്റെ സമീപത്തുണ്ടായിരുന്ന ചക്രങ്ങളുള്ള വലിയ പത്തായത്തിൽ സൂക്ഷിച്ചിരുന്ന വെടിമരുന്നിലേക്ക് തീ പടർന്നപ്പോഴാണ് വളരെ വ്യാപകമായ പൊട്ടിത്തെറിയുണ്ടായത്. ചിന്നൻ എന്നുപറഞ്ഞയാൾ ഹരിജൻ വിഭാഗത്തിൽപെട്ടയാളാണ്. ഇവരാരും വെടിക്കെട്ടുമായി ബന്ധപ്പെട്ടയാളുകളല്ല. ഇപ്പോൾ മെഡിക്കൽ കോളേജാശുപത്രിയിൽ ഗുരുതരമായി പരിക്കേറ്റു കിടക്കുന്ന മൻമഥൻ നായരാണ് കതിന നിറച്ചുകൊണ്ടിരുന്നത്. അവിടെ സമീപത്ത് ക്ഷേത്രത്തിൽ വന്നിരുന്ന ആളുകൾക്കാണ് പരിക്കുപറ്റിയത്. ഞാൻ മനസ്സിലാക്കിയിടത്തോളം യാതൊരു സഹായവും അവർക്ക് ഗവൺമെന്റിൽനിന്ന് കൊടുത്തിട്ടില്ല. മരിച്ച ഒരാൾ ഹരിജനാണ്. അയാൾക്ക് മൂന്നു മക്കളുണ്ട്. വളരെ നിർദ്ധന കുടുംബമാണ്. രണ്ടും മൂന്നും സെന്റു സ്ഥലത്താണ് താമസിക്കുന്നത്. മറ്റു രണ്ടുപേരും അവിവാഹിതരായ ചെറുപ്പക്കാരാണ് മരിച്ചത്. എല്ലാവരും പാവപ്പെട്ട കുടുംബത്തിൽപ്പെട്ടവരാണ്. എന്തെങ്കിലും സഹായം കൂടി ഇക്കാര്യത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്ന് അവർക്ക് ആവശ്യമായിട്ടുണ്ട്. വളരെ ഗൗരവമായ ഒരു സംഭവമാണ് ഉണ്ടായിരിക്കുന്നത്. മുഖ്യമന്ത്രി ഇക്കാര്യത്തിൽ പ്രത്യേകമായി താല്പര്യം കാണിച്ച് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, 19.3.2000-ത്തിന് എറണാകുളം ഓണക്കൂർ പാണ്ഡ്യൻപാറ ദേവി ക്ഷേത്രത്തിൽ മീനപ്പൂര മഹോൽസവത്തോടനുബന്ധിച്ച് വെടിക്കെട്ടിനുള്ള കതിന നിറച്ചുകൊണ്ടിരിക്കവെ മുപ്പതിൽപ്പരം കതിനകൾക്ക് തീപിടിച്ച് പൊട്ടിത്തെറിക്കുകയുണ്ടായി. ഇതിൽ എട്ടുപേർക്ക് പരിക്കു പറ്റുകയും അവരെ വിവിധ ആശുപത്രികളിൽ പ്രവേശിപ്പിക്കുകയും ചെയ്തു. കോട്ടയം മെഡിക്കൽകോളേജ് ആശുപത്രിയിൽ ചികിത്സയിലായിരുന്ന ചിന്നൻ(37) മാർച്ച് 21-നും മധു മാർച്ച് 21-നും രഘു ഇന്നു രാവിലെയും മരണപ്പെട്ടു. ഇതു സംബന്ധിച്ച് പിറവം പോലീസ് സ്റ്റേഷനിൽ ക്രൈം 53/2000 നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരികയാണ്. ഈ ദുരന്ത സംഭവത്തിന് ഇടയാക്കിയ കാര്യങ്ങളെക്കുറിച്ച് വിശദമായ അന്വേഷണം നടത്തുന്നതാണ്. മരണപ്പെട്ട ആളുകളുടെ കുടുംബത്തിന് ഉചിതമായ സാമ്പത്തികസഹായം നൽകുന്നതാണ്.

(5) ചാരായനിരോധനം മൂലം തൊഴിൽ നഷ്ടപ്പെട്ടവരുടെ പുനരധിവാസം

ശ്രീമതി കെ. ആർ ഗൗരിയമ്മ : സർ, 1996-ൽ ചാരായ നിരോധനം മൂലം പിരിച്ചുവിടപ്പെട്ട തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഒരു കാര്യമാണ് ഞാൻ ഇവിടെ പറയുന്നത്. ഇപ്പോൾ ഷാപ്പുലേലം നടന്നിരിക്കുകയാണ്. ഏതാണ്ട് അയ്യായിരത്തോളം കള്ളുഷാപ്പുകളിൽ ലേലം നടന്നിട്ടുണ്ട്. പന്ത്രണ്ടായിരത്തിൽപ്പരം ചാരായത്തൊഴിലാളികളുണ്ട്. അതിൽ 57 പേർ മരിച്ചു: എന്നു പറഞ്ഞാൽ, അവർ ജീവനൊടുക്കി. മാവൂരിൽ 13 പേരാണ് ജീവനൊടുക്കിയിരുന്നത്. ഇവിടെ 57 പേർ ജീവനൊടുക്കി. ഇവർക്ക് ഗവൺമെന്റ് മുപ്പതിനായിരം രൂപ പ്രതിഫലമായി കൊടുത്ത് റിഹാബിലിറ്റേറ്റുചെയ്യുമെന്നാണ് പറയുന്നത്. മൂന്നുവർഷം കഴിഞ്ഞാൽ മുപ്പതിനായിരം രൂപ കൊണ്ട് ഒന്നുമാവുകയില്ല. അവരെല്ലാം കട ബാദ്ധ്യസ്ഥരാണ്. ഇന്ന് ലേലം ചെയ്യപ്പെട്ട കള്ളുഷാപ്പുകളിൽ അയ്യായിരം ഷാപ്പുകളുണ്ട്. ആ ഷാപ്പുകളിൽ വിൽപ്പനക്കാരായി ഒരാളെ വീതമെടുത്താൽ ഗവൺമെന്റിന് അത് പറയാം. ഗവൺമെന്റ് പറ

LIBRARY ARCHIVES Kerala Legislative Assembly